(ബി) പ്രസ്തുത നിർമ്മാണത്തിനെല്ലാം കൂടി 125 കോടി രൂപയാണ് ബഡ്ജറ്റിൽ വകയിരുത്തിയിരുന്നത്. ഇതിൽ 6.78 കോടി രൂപ ലഭ്യമാവിൽ നിന്നും പിൻവലിച്ചു.

(സി) തുടർന്നുള്ള ബഡ്ജറ്റുകളിൽ ഓരോന്നിലും പ്രസ്തുത പ്രവൃത്തികൾക്കായി വകയിരുത്തിയ തുകയും ഇതിൽ ലഭ്യമാവിൽ നിന്നും പിൻവലിക്കപ്പെട്ട തുകയും അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

(ഡി) വിവരം ശേഖരിച്ചു നൽകുന്നതാണ്.

റിംഗ് റോഡുകളുടെ നിർമ്മാണം

306 (1391) <u>ശ്രീ. കോറിയക്കോട് എൻ. കൃഷ്ണൻ നായർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ;

(എ) ഈ സർക്കാരിന്റെ ഒന്നാമത്തെ ബഡ്ജറ്റിൽ (2011-12) പ്രത്യേക പരിഗണന നൽകി സംസ്ഥാനത്ത് റിംഗ് റോഡുകൾ എവിടെയെല്ലാം നടപ്പാക്കുമെന്നാണ് പ്രഖ്യാപിച്ചിരുന്നത്;

(ബി) പ്രസ്തുത പദ്ധതിയുടെ ഭാഗമായി എവിടെയെല്ലാം റിംഗ് റോഡുകൾ നിർമ്മിക്കപ്പെട്ടു എന്ന് അറിയിക്കുമോ;

(സി) ഇതിനായി ആദ്യ ബജറ്റിൽ എന്ത് തുക വകയിരുത്തിയിരുന്നു; പ്രസ്തുത തുക ലഭ്യമാവിൽ നിന്നും പിൻവലിക്കപ്പെട്ടിട്ടുണ്ടോ;

(ഡി) തുടർന്നുള്ള നാല് ബജറ്റുകളിൽ റിംഗ് റോഡുകളുടെ നിർമ്മാണത്തിനായി തുക വകയിരുത്തിയിരുന്നോ; എങ്കിൽ എത്ര തുക വീതം വകയിരുത്തിയിരുന്നു;

(ഇ) റിംഗ് റോഡുകളുടെ നിർമ്മാണത്തിനായി ലഭ്യമാവിൽ നിന്നും ഇതിനകം പിൻവലിച്ച ആകെ തുക എത്ര?

<u>ഉത്തരം</u>

(എ) ഈ സർക്കാരിന്റെ ഒന്നാമത്തെ ബജറ്റിൽ (2011-12) സംസ്ഥാനത്ത് വർക്കല, കോട്ടയം, പാല, മഞ്ചേരി, മലപ്പുറം ജില്ലയിലെ മാറ്റം എന്നീ സ്ഥലങ്ങളിൽ റിംഗ് റോഡുകൾ നടപ്പാക്കുമെന്നാണ് പ്രഖ്യാപിച്ചിരുന്നത്.

(ബി -ഇ) വിവരം ശേഖരിച്ചുനൽകുന്നതാണ്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly